# പിഷാരോടി സമാജം
# ഒമാൻ ശാഖ

സുപ്രസിദ്ധ സിനിമാസംവിധായകനും പിഷാരോടി സമാജത്തിൻെറ അഭ്യുദയകാംക്ഷിയും സന്തതസഹചാരിയും സമാജം മുഖപത്രമായ തുളസീദളത്തിൻെറ എഡിറ്റോറിയൽ ബോർഡ് അംഗവുമായിരുന്ന ശ്രീ ബാബുനാരായണൻെറ ആകസ്മികമായ നിര്യാണത്തിൽ അനുശോചിക്കുന്നതിനായി 29/6/2019ന് തന്നെ വൈകീട്ട് 7 മണിക്ക് ഒമാൻ ശാഖാംഗങ്ങളുടെ ഒരു അടിയന്തിരയോഗം മുൻശാഖസെക്രട്ടറിയും കൂടിയായ ശ്രീ പി. ഗോപികുമാറിൻെറ അസൈബയിലുള്ള വസതിയിൽ ശാഖ പ്രസിഡൻറ് ശ്രീ കെ.പി. പ്രഭാകരൻെറ അധ്യക്ഷതയിൽ ചേരുകയും ശ്രീ ബാബു നാരായണൻെറ വിയോഗത്തിൽ അഗാധമായ ദു:ഖം രേഖപ്പെടുത്തുകയും അദ്ദേഹത്തിന് ആദരാജ്ഞലികൾ അർപ്പിക്കുകയും ശാഖാംഗങ്ങൾ അദ്ദേഹത്തിൻെറ ആത്മാവിനു നിത്യശാന്തി നേരുകയും ചെയ്തു.




**29.06.2019 – ശനിയാഴ്ച –വൈകീട്ട് ഏഴ് മണിക്ക് – അസൈബയിൽ (മസ്കറ്റ്)**

ഇന്നു നടന്ന അനുസ്മരണ യോഗത്തിൽ ശ്രീ ഗോപികുമാർ, ശ്രീ സി. ആർ. രൂപേഷ് എന്നിവർ തങ്ങൾക്ക് ശ്രീ ബാബു നാരയണനുമായിട്ടുണ്ടായിരുന്ന അടുപ്പത്തെ കുറിച്ചും സൗഹ്ര്ദത്തെ കുറിച്ചും പ്രത്യേകം പരാമർശിക്കുകയുണ്ടായി. സമാജത്തിൻെറ കലാസാംസ്കാരിക പ്രവർത്തനങ്ങളിൽ ശ്രീ ബാബു നാരായണൻ നൽകിയിട്ടുള്ള സംഭാവനകൾ ഒരിക്കലും വിലമതിക്കാനാവാത്തതാണ്. സഹപ്രവർത്തകർക്കെല്ലാവർക്കും അദ്ദേഹം എന്നും ഒരു പ്രചോദനം തന്നെയായിരുന്നു എന്നതും എടുത്തു പറയേണ്ട സവിശേഷതയാണ്. അദ്ദേഹത്തിൻെറ സ്നേഹോഷ്മളമായ പെരുമാറ്റശൈലിയും

പ്രസരിപ്പോടെയുള്ള പ്രവർത്തനരീതിയും മറ്റുള്ളവർക്കെന്നും ഒരു മാത്ര്കയാണെന്നും അംഗങ്ങൾ യോഗത്തിൽ അനുസ്മരിക്കുകയുണ്ടായി. നമ്മുടെ സമാജത്തെ സംബന്ധിച്ചിടത്തോളം ശ്രീ ബാബു നാരായണൻെറ അകാല വിയോഗം അദ്ദേഹത്തിൻെറ കുടുംബത്തിനെന്നപോലെ തികച്ചും ഒരു തീരാനഷ്ടം തന്നെയാണ്.

വെക്കേഷൻ സമയമായതിനാലും ശാഖാംഗങ്ങളിൽ കുറെപേർ അവധിയിൽ ആയതിനാലും ഇന്നത്തേതൊരു അടിയന്തിരയോഗമായിരുന്നതിനാലും യോഗത്തിൽ സന്നിഹിതരായിരുന്ന അംഗങ്ങളുടെ എണ്ണം താരതമ്യേന കുറവായിരുന്നു. വൈകാതെ തന്നെ ശാഖയുടെ പ്രവർത്തനം പുനരുജ്ജീവിപ്പിക്കാനും പഴയ നിലയിലാക്കാനും മറ്റുമായി അടുത്തമാസം, ശഖാംഗങ്ങളുടെ സൗകര്യം പോലെ, ഒരു ആലോചനായോഗം വിളിച്ചു ചേർക്കാനും ഇന്നത്തെ യോഗത്തിൽ ധാരണയായി.

ഇന്നത്തെ യോഗത്തിൽ പങ്കെടുത്ത എല്ലാ അംഗങ്ങൾക്കും, വിശിഷ്യാ ഇന്നത്തെ യോഗം നടത്താൻ വേദിയൊരുക്കിതന്ന ശ്രീ ഗോപികുമാറിനും, ശാഖാസെക്രട്ടറി ശ്രീ മുരളി പിഷാരോടി പ്രത്യേകം നന്ദി രേഖപ്പെടുത്തിയ ശേഷം 8 മണിയോടെ യോഗം പര്യവസാനിച്ചു.

**ശുഭം**